**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1470 — 04.02.2019 ൽ മറുപടിക്ക്

# കശുവണ്ടി ഫാക്ടറി ജീവനക്കാരുടെ ക്ഷേമം

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ.വി. ജോയി | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ കാലയളവിൽ കശുവണ്ടി ഫാക്ടറി ജീവനക്കാരുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും<br>കശുവണ്ടി വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ സംബന്ധിച്ച ദീർഘകാല കരാറിന്റെ കാലാവധി 31/12/2015-ൽ അവസാനിച്ച സാഹചര്യത്തിൽ 18/12/2018 ൽ കൂടിയ കശുവണ്ടി വ്യവസായ ബന്ധസമിതി യോഗം 01/08/2017 മുതൽ പ്രാബല്യത്തിൽ വരത്തക്കതരത്തിൽ 5 വർഷക്കാല ത്തേയ്ക്കുള്ള ശമ്പള പരിഷ്കരണ കരാർ ഒപ്പ് വച്ചിട്ടുള്ളതും കശുവണ്ടി വികസന കോർപ്പറേഷനിൽ ഇത് ഗവൺമെന്റ് അംഗീകാരത്തിന് വിധേയമായി നടപ്പാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്.<br>ഓണത്തിന് കാഷ്യു ഐ.ആർ.സി കരാർ പ്രകാരം സ്റ്റാഫിന് 3 മാസത്തേയ്ക്കും 11 ദിവസത്തേയ്ക്കും ശമ്പളത്തിന് തുല്യമായ തുക ബോണസായി നൽകിയിട്ടുള്ളതാണ്. കൂടാതെ ജീവനക്കാരുടെ സ്റ്റാറ്റ്യൂട്ടറി വിഹിതങ്ങളായ ഇ.എസ്.ഐ,പി.എഫ്, ക്ഷേമനിധി എന്നിവയും കൃത്യമായി കോർപ്പറേഷൻ അടച്ചു വരുന്നതാണ്.<br>കോർപ്പറേഷൻ ജീവനക്കാരുടെ ചരിത്രത്തിലാദ്യമായിട്ടാണ് ശമ്പള പരിഷ്കരണത്തിൽ 3500 രൂപ മുതൽ 8000 രൂപ വരെ വർദ്ധനവുണ്ടായിട്ടുള്ളത്. |
| (ബി) | കശുവണ്ടി ഫാക്ടറി ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും തീരുമാനം സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ